# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മടവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെകെഡി/ഇ1/1708/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/10/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: ഇ1/1708/2025 കെഎസ്എ/കെകെഡി/ തീയ്യതി: 16/10/2025

## കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2024 മുതൽ 08-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 07-08-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ്.ബിജേഷ്.കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2025 | 20-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-08-2025 | 20-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ധീരജ്.ജെ,ഓഡിറ്റ് ഓഫീസർ
ശ്രീ.സതീഷ് കുമാർ.സി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈനി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സന്തോഷ്.കെ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.എം.എ.റഷീദ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 09-09-2024 |
| ശ്രീ.സൈനുദ്ദീൻ.ടി | അസിസ്റ്റന്റ് സെക്രട്ടറി | 09-09-2024 | 31-03-2025 |
| ശ്രീമതി.വിജില | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഫാത്തിമ നിഷിൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സിസിൻജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ.സുജ.ആർ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 09-07-2024 |
| ഡോ.സിന്ധു.പി.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10-07-2024 | 31-03-2025 |
| ശ്രീ.ജാഫർ സാദിഖ് എ. പി | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ഡോ.വിക്രാന്ത് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.ഇലാൻ അബുബക്കർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അനിഷ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ബിന്ദു.കെ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി.അശ്വതി പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 23-08-2024 |
| ശ്രീ.എം.എ.റഷീദ് | സെക്രട്ടറി(അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ്) | 24-08-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകകൾ ചെലവായി രേഖപ്പെടുത്തിയില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് തുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-1-4 |
| 6 | വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുകയും പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് ചെലവ് മുഴുവനും ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ബി-5 പ്രകാരമുള്ള ലോൺ തിരിച്ചടവ് നെഗറ്റീവ് തുക രേഖപ്പെടുത്തി | 1-1-8 |
| 10 | ഇ-ടെണ്ടർ ഫീ വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല. | 1-1-9 |
| 11 | മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക ശരിയായി അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |

| | | |
|---|---|---|
| 18 | വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. | 1-7 |
| 19 | ലേലം -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-8 |
| 20 | കൂട്ടുംപുറത്തുതാഴം മൂന്നാംപുഴ തോട് സംരക്ഷണം - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 1-9 |
| 21 | എക്സ്റ്റൈടായിനത്തിന്റെ നിരക്ക് കണക്കാക്കിയതിലെ അപാകത - കരാറുകാരന് അധികതുക നൽകി | 1-10 |
| 22 | ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു | 1-11 |
| 23 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയില്ല. | 1-12 |
| 24 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-13 |
| 25 | മോർഡ് സ്പെസിഫിക്കേഷന് അനുസൃതമല്ലാത്ത റോഡ് നിർമ്മാണം നടത്തുന്നു | 1-14 |
| 26 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല | 1-15 |
| 27 | പഞ്ചായത്തിൽ സ്ഥാപിച്ച വേസ്റ്റ് ബിന്നുകളുടെ വിശദാംശങ്ങൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 28 | കുടിവെള്ള വിതരണം- പ്രൊജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ | 1-17 |
| 29 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് - വിനിയോഗ രേഖകൾ പൂർണ്ണമല്ല. | 1-18 |
| 30 | അങ്കണവാടി നവീകരണം സംബന്ധിച്ച്. | 1-19 |
| 31 | അങ്കണവാടി പോഷക വിതരണം - നിയമാനുസൃത ജി എസ് ടി, ടി.ഡി.എസ് ഈടാക്കിയില്ല. | 1-20 |
| 32 | യുനാനി മരുന്ന് ടെൻഡർ വഴി വാങ്ങിയത് സുതാര്യമല്ല. | 1-21 |
| 33 | യുനാനി മരുന്ന് വാങ്ങിയത് - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-22 |
| 34 | വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ചതിന്റെ വിനിയോഗം വിവരം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 35 | പ്രൊജക്റ്റ് പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-24 |

| | | |
|---|---|---|
| 36 | എ.ബി.സി.പദ്ധതി: പഞ്ചായത്ത് പരിധിക്കുള്ളിൽ ഫലപ്രദമാകുന്നില്ല | 1-25 |
| 37 | എസ്.എസ്.കെ വിഹിതം - വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല | 1-26 |
| 38 | മെഡിക്കൽ ക്യാമ്പുകൾക്ക് ചെലവ് - പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 39 | ജൽ ജീവൻ മിഷൻ - ഗ്രാമപഞ്ചായത്ത് ഇതുവരെ ജല അതോറിറ്റിക്ക് തുക കൈമാറിയില്ല. | 1-28 |
| 40 | ആരോഗ്യമേഖല ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൂട്ടുംപുറത്തുതാഴം മൂന്നാംപുഴ തോട് സംരക്ഷണം - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 3-1 |
| 2 | എക്സ്കവേഷന്റെ നിരക്ക് കണക്കാക്കിയതിലെ അപാകത - കരാറുകാരന് അധികതുക നൽകി | 3-2 |
| 3 | ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു | 3-3 |
| **ഭാഗം 4** | | |
| 1 | 2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാ തിരിച്ചടവ് | 4-6 |

| | | |
|---|---|---|
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എ തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധന പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയി ഭരണസമിതിയുടെ 29.05.2025 തീയതിയിലെ 1/1 നമ്പർ തീരുമാനപ്ര 11.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പര ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബ മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവു സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടി എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രാ എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഇ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരി ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടു തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വ അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തു ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ
ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ
നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തു

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ
അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് ന
വിധേയമായി, മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്
ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷ
ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയു
ന്യായവുമായ ചിത്രം നൽകുന്നു.

6

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകള

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സ്ഥിരീ
തുകകൾ സംബന്ധിച്ചുള്ള അക്കൗണ്ട് കുറിപ്പുകൾ, അനുപാതങ്ങൾ
കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്
പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി
തുകയും (6176824) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകകൾ ചെല രേഖപ്പെടുത്തിയില്ല

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ ബാങ്ക് റീക്കൺസീ
പ്രകാരം Directly Debited By Bank ആയി കാണിച്ച തുക
രേഖപ്പെടുത്തിയിട്ടില്ല.

| തീയതി | തുക |
|---|---|
| 11.3.24 | 217 |
| 30.10.21/30.4.22 | 622 |
| | |

| | | |
|---|---|---|
| | 30.11.22 | 272 |
| | 30.9.22 | 199 |

**1-1-4 ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയ**

മൂന്ന് വർഷ കാലാവധി പിന്നിട്ട (നിലനിർത്തേണ്ടവ ഒഴികെ) ഒ
തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. ഉദാ:-Contractors EMD, Bidders Security

**1-1-5 വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുകയും പെർമി
പ്രകാരമുള്ള വരവ് തുകയും പൊരുത്തപ്പെടുന്നില്ല.**

പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക്
തുകയും പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് RP -4 പ്രകാരം Permit
Buildings+ Fee For Building Regulation, Application Fee യഥാക്രമം 78,26,364
4,51,710/- രൂപയും പെർമിറ്റ് രജിസ്റ്റർ പ്രകാരം ഇത് യഥാക്രമം 67,74,999/
ആണ്.

**1-1-6 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടു**

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ ന
ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 4.7.24, 31.3.25 എന്നീ തീയതി
ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയത്.

**1-1-7 ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് ചെലവ് മുഴുവ
ഉൾപ്പെടുത്തിയില്ല**

വാർഷിക കണക്ക് I-6 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺ
മുഴുവൻ ചെലവും ഉൾപ്പെടുത്തിയില്ല. ഐ.കെ.എം ചലവ് പത്രിക
കമമീഷൻ ഗ്രാന്റ് ചെലവ് 81,60,119/- രൂപയാണ്. എന്നാൽ വാർഷിക ക
81,56,776/- രൂപയാണ്.

**1-1-8 വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ബി-5 പ്രകാരമു
തിരിച്ചടവ് നെഗറ്റീവ് തുക രേഖപ്പെടുത്തി**

വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ബി-5 പ്രകാരമുള്ള ലോൺ
തുക കൃത്യമാണെങ്കിലും Secured Loans From KURDFC നെഗറ്റീവ് തു
ഉൾപ്പെടുത്തിയത്.

**1-1-9 ഇ-ടെണ്ടർ ഫീ വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാ**

ഇ ടെണ്ടർ ഫീ ഇനത്തിൽ എ.ഇ യുടെ അക്കൗണ്ടിൽ 31.3.25 ന് 1,06,026/- ഉണ്ട്. ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ പഞ്ചാ കൈമാറുകയോ ചെയ്തിട്ടില്ല.

**1-1-10 മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അ**

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം നടപ്പാക്കി പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാർഷിക ധനക 14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-11 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക ശരിയായി അക**

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ കെഎസ്.ഇ.ബി തുകയുടെ (56,252/- രൂപ) ചെലവ് വാർഷിക കണക്കിൽ അഡ പ്രതിഫലിച്ചിട്ടില്ല. വാർഷിക കണക്കിലെ അപാകതകൾ പരി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 30.01.2024 തീയതിയിലെ 1-ാം നമ്പർ അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 22.03.2025 തീയതിയിലെ 2- പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു-ചെലവു കണക്കുകൾ താഴെ

| | |
|---|---|
| മുന്നിരിപ്പ് | 1,32,28,378 |
| വരവ് | 29,83,05,500 |
| ആകെ | 31,15,33,878 |
| ചെലവ് | 30,71,95,000 |
| നീക്കിയിരിപ്പ് | 43,38,878 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാര**

| | |
|---|---|
| മുന്നിരിപ്പ് | 3,22,83,398 |
| വരവ് | 7,17,17,963 |
| ആകെ | 10,40,01,361 |
| ചെലവ് | 6,55,41,139 |
| നീക്കിയിരിപ്പ് | 3,84,60,222 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക ലാ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18986000 | 18986000 | 18909990 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7262000 | 7262000 | 6659150 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 500000 | 500000 | 493364 | |
| മെയിന്റനൻസ്, റോഡ് | 0 | 21700000 | 21700000 | 18466932 | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7080000 | 7080000 | 6993424 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി മുഖേന) | 0 | 288743 | 288743 | 288743 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (പി.എഫ്.എം.എസ് മുഖേന) | 4285906 | 7586000 | 11871906 | 4592520 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ് (ട്രഷറി മുഖേന) | 0 | 462 | 462 | 462 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ്(പി.എഫ്.എം.എസ് മുഖേന) | 1373552 | 3420374 | 4793926 | 3275051 | |

**കുറിപ്പ്:** ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ വാർഷിക കണക്ക് പ്ര തുക ചെലവ് സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നി കാണുക.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന
ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 278 | 13,87,94,928 | 218 | 8,58,36,889 | 60 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്ര
ബാലൻസ് പരിശോധന 19.08.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെ
സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,665/
ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തീകരിച്ച

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ
തസ്വഭവ പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃ
എന്നിവ കണ്ടെത്തുന്നതിനായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മ
സർവ്വെയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചാ
കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന 30/6/2023 ന് പൂർത്ത
ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/24-25 തീ. 13.08.2025) ന് മറുപടിയ
വിവരങ്ങൾ പ്രകാരം 2023 ഒക്ടോബർ മുതൽ ഫീൽഡ് സർവ്വേ ആരംഭി
വാർഡുകളിലും ഡാറ്റാ കളക്ഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടു
പരിഷ്കരിക്കുന്നതിനായി സാങ്കേതിക യോഗ്യതയുള്ളവരെ ഉപയേ
12,778 കെട്ടിടങ്ങൾ പരിശോധിച്ച് വിവരശേഖരണം നടത്തിയത്.
ആവശ്യമായ എല്ലാ കെട്ടിട ഉടമകൾക്കും ആയതിന് നോട്ടീസ് നൽ
ഫയലിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്. എന്നാൽ സോഫ്റ്റ്‌വെയ
നടത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആയതിന
ലഭിച്ചിട്ടില്ലാത്തതിനാലാണ് ഡാറ്റ എൻട്രി നടത്താൻ സാധിക്ക
അറിയിച്ചിട്ടുള്ളത്. വിവരശേഖരണം പൂർത്തിയാക്കിയതിന് ആ
ചെലവഴിച്ചിട്ടുണ്ട്. സമയബന്ധിതമായി പരിഷ്കരണ
പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ വരുമാന നഷ്ട
അപാകത പരഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേ

## 1-8 ലേലം -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണസമിതിയുടെ 18.03.2025 ലെ അജണ്ട 8 തീരുമാനം 1 പ്രക ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ആത്തൂട്ട ലക്ഷംവീട് കോള പഞ്ചായത്ത് ട്രീ കമ്മിറ്റി തീരുമാന പ്രകാരം മുറിച്ചിട്ട തേക്കിന് അ കൺസർവേറ്റർ 10.3.2025 ലെ വാലേഷൻ പ്രകാരം 94,944/-രൂപ വില നിര ചെയ്തിട്ടുണ്ട്. എന്നാൽ തേക്ക് ആരും ലേലത്തിൽ എടുത്തതായി കാ മരം നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്യാൻ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/2024-25 മറുപടി ലഭ്യമാക്കിയിട്ടില്ല. മുറിച്ചിട്ട മരത്തിന് കേടുപാടുകൾ മുമ്പായി ലേലം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വ അറിയിക്കേണ്ടതാണ്.

## 1-9 കൂട്ടുംപുറത്തുതാഴം മൂന്നാംപുഴ തോട് സംരക്ഷണം - ഒ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ്

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 211/25 (സ്പിൽ ഓവർ) |
| അടങ്കൽ | 14,63,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈ |
| ചെലവ് | 5,62,054/- ബിൽ നം. 223/10.07.2024<br>9,00,946/- ബിൽ നം. 284/22.08.2024 |
| കരാറുകാരൻ | എം. അഷ്റഫ് |
| എസ്റ്റിമേറ്റ് നം. | 114464/23 |

മടവൂർ ഗ്രാമപഞ്ചായത്തിൽ കൂടി ഒഴുകുന്ന കൂട്ടുംപുറത്ത തോടിന്റെ 8, 13, 14 എന്നീ വാർഡുകളിലെ ഭാഗങ്ങളിൽ DR ഉപയോഗ സംരക്ഷിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. വാർഡ് 8 പ്രവൃത്തികൾക്ക് MORD ലെ ഇനം 11.1.1.1 നെ അടിസ്ഥാനമാക്കിയ ഒ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്.

Setting Out, Construction Of Shoring And Bracing എന്നിവ സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന ഇനമായ 11.1.1.1 ൽ എക്സ്കവേറ്റർ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയത്. എക്സ്കവേറ്റർ ഉൾപ്പെടുത്തിയ

അടങ്ങിയിട്ടുള്ള ലേബർചാർജ് കുറവ് ചെയ്യാതിരുന്നതിനാൽ
കരാറുകാരന് നൽകാനിടയായി. മേൽ പ്രവൃത്തിയിൽ 20 മീറ്റർ നീ
വീതിയിലും 1.80 മീറ്റർ ആഴത്തിലും എക്സ്കവേറ്റർ ഉപയോഗിച്ച് മണ്ണ്
36,096/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 13, 14 വാർഡുകളി
പ്രവൃത്തിക്ക് പ്രൈസിലെ ഇനം 2.8.1 ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
ഘനമീറ്ററിന് 328.72 രൂപയാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. ട്രഞ്ച്
ഉപയോഗപ്പെടുത്തുന്ന ഈയിനം ഉൾപ്പെടുത്തിയാൽ പോലും
കരാറുകാരന് അനുവദിക്കാവുന്നത്. ഈ വിധം മണ്ണ് പ്രവൃത്തിയ്ക്ക്
കരാറുകാരന് അധികം നൽകിയിട്ടുണ്ട്. തെറ്റായ ഇന
ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട്
അന്വേഷണക്കുറിപ്പിന് (നം.5/2024-25 തീയതി 19.8.2025) മറുപട
കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി അ
(വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

**<u>1-10 എക്സ്ട്രായിനത്തിന്റെ നിരക്ക് കണക്കാക്കിയതിലെ അ</u>**
**<u>കരാറുകാരന് അധികതുക നൽകി</u>**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നം. | 161/25, ഫ്രണ്ട് ഓഫീസ് കെ നിർമ്മാണം |
| അടങ്കൽ | 6,50,000/-, വികസനഫണ്ട് (ജനറ |
| ചെലവ് തുക | 6,50,000/-, ബിൽ നം.249/19.7.2024 |
| കരാറുകാരൻ | റിതു. എം.വി |
| എസ്റ്റിമേറ്റ് നമ്പർ | 84784/23 |

നിലവിലെ പഞ്ചായത്ത് ഓഫീസിന്റെ മുൻഭാഗത്തായി ഓഫ
വിപുലമായി ഫ്രണ്ട് ഓഫീസ്, വെയിറ്റിംഗ് ഏരിയ എന്നിവ നിർമ്മിക്ക
പ്രൊജക്ട് തയ്യാറാക്കിയത്. എന്നാൽ പ്രവൃത്തി ആരംഭിച്ച സമയത്ത്
വ്യത്യാസം വന്നതിനാൽ Laterite Masonary, Steel Door എന്നീ ഇനങ്ങൾ ഉൾ
റിവൈസ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി
ഉൾപ്പെടുത്തുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്, LMR
വേരിയേഷൻ നിരക്ക് എന്നിവ താരതമ്യപ്പെടുത്തി എക്സ്ട്രായിന
പ്രൈസിൽ ഓട്ടോമാറ്റിക് ആയി കണക്കുകൂട്ടുന്ന വിധത്തിലാണുള്ള
ഏറ്റെടുത്ത കരാറുകാരൻ 17.44% കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തി
തന്നെ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ എല്ലായിനങ്ങൾക്കും ഇ

കണക്കാക്കേണ്ടതുണ്ട്. എന്നാൽ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ ഇ കുറവ് കണക്കാക്കിയപ്പോൾ, മാർക്കറ്റ് വില ഒഴികെയുള്ള നിരക്കിന കണക്കാക്കിയത്. എക്സ്ട്രായിനം 1 ആയി ഉൾപ്പെടുത്തിയ ചെങ്കല്ലുപ നിർമ്മാണത്തിന്റെ നിരക്ക് കണക്കാക്കിയപ്പോൾ ചെങ്കല്ലിന്റെ ന തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ 18.689 M3 അളവിൽ ച 15,823/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറ തീയതി 19.8.2025) മറുപടി നൽകിയിട്ടില്ല. മാർക്കറ്റ് വില ഒഴിവാക കണക്കാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും കരാറുകാരന് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്. (വിശദാംശങ്ങ കാണുക)

## 1-11 ട്രസ്സ് വർക്ക് പെയിന്റിംഗിന് അധിക തുക അനുവദിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 200/25 (സ്പിൽ ഓവർ), ഹോമിയോ ഹോസ്പിറ്റൽ നവീകരണം |
| അടങ്കൽ | 2,21,044/- സംരക്ഷണഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | 2,20,737/- ബിൽ നം. 223/10.7.24 |
| കരാറുകാരൻ | കെ.പി. അലി |
| എസ്റ്റിമേററ് നം. | 68893/23 |

ഹോമിയോ ഹോസ്പിറ്റലിന്റെ നവീകരണത്തിനാണ് പദ്ധതി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ട്രസ് വർക്ക് ചെയ്ത് റൂഫിം ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രസ് വർക്കിനുള്ള സ്റ്റീലിനായി PRICE ലെ ഇ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഈയിനത്തിന്റെ വിവരണം പരി ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ കോട്ട് നൽകുന്നതിനുള്ള നി 13.50.3) ഉൾപ്പെടുന്നതാണ് ഇതിന്റെ നിരക്ക് എന്ന് കാണാം.

ഇനം 13.50.3 പ്രകാരം 58.024m2 വിസ്തൃതിയിൽ പ്രൈമർ കോട്ട് നൽക നിരക്കിൽ 2,905/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്റ്റീലിന്റെ പെയിന്റി

ഇനം 5 ആയി PRICE ലെ ഇനം 13.52.1 ഉൾപ്പെടുത്തിയിട്ടുണ്ട്. ഈയി
പരിശോധിച്ചാൽ റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ കോ
മുകളിൽ എപ്പോക്സി പെയിന്റ് നൽകുന്നതിനുള്ള നിരക്കാണിതെ
ഫൈനൽ ബിൽ പ്രകാരം 58.024 $M^2$ വിസ്തൃതിയിൽ പ്രൈമർ ഉൾപ്പെടെ
ചെയ്തതിന് 187.36 രൂപ നിരക്കിൽ കരാറുകാരന് 10,871.38 രൂപ അനുവദി
പ്രൈമർ നൽകിയിട്ടുള്ള സ്റ്റീലിനു മുകളിൽ വീണ്ടും പ്രൈമർ ന
ചെയ്യുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയതിനാൽ 2905 നിരക്ക് 18% GST ഉ
കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അപാകത ചൂണ്ടിക്കാണിച്ച്
അന്വേഷണക്കുറിപ്പിന് (നം.7/2024-25 തീയതി 19.8.2025) മറുപ
കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി അ
(വിശദാംശങ്ങൾക്കായി ഖണ്ഡിക 3-3 കാണുക)

## 1-12 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്ത് അടവാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്ര
ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടയ്ക്കുന്ന
എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ കൊടുവള്ളി ബ്രാഞ്ചിലുള്ള
അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്. ഇ ടെണ്ടർ ഫീസിനത്തി
07.08.2025 വരെ ലഭിച്ച തുക ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ പ്ര
തന്നെ സൂക്ഷിച്ചിരിക്കുകയാണ്. 20.08.2025 തീയതിയിൽ പ്രസ്തുത അ
രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫീയിനത്തിലുള്ള തുക ഗ്ര
അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകര
നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/2024-25 തീയതി
നൽകിയിട്ടില്ല. ഇ ടെണ്ടർ ഫീയിനത്തിലുള്ള തുക ഗ്രാമപഞ്ചായ
വിവരം അറിയിക്കേണ്ടതാണ്.

## 1-13 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

**നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ**

ഓഡിറ്റ് കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിഭാവനം ചെയ്ത് ന
പദ്ധതികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ കണ്ട അപാ
കൊടുക്കുന്നു,

1. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു/പ്രവൃത്തി പൂർത
പുതുക്കുന്നു

ഓഡിറ്റ് കാലയളവിൽ പൂർത്തീകരിച്ച വിവിധ പ്രവൃത്തി
പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് പുതുക
പൂർത്തീകരിച്ചിരിക്കുന്നത്. പല പ്രവൃത്തികളുടേയും തയ്യാറാക്കിയ എ
വ്യതിചലിച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കി
ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണം - പ്രൊജക്ട് നം. 241/25 . ഇ എം ബുക്ക് പ്ര
പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 22.08.2024 നാണ് എ
ചെയ്തിട്ടുള്ളത്.

2. <u>പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല.</u>

ഫ്രണ്ട് ഓഫീസ് നിർമ്മാണം, പൂർത്തീകരണം എന്നിവയ്ക്കായി 2
38/24, 243/24 എന്നിങ്ങനെ 2 പദ്ധതികൾ രൂപീകരിക്കുകയും 2 പ്രവ
ഓാവറായി 2024-25 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്
വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | റിമാർ |
|---|---|---|
| 1. | പ്രൊജക്ട് നമ്പർ - 38/24<br>അടങ്കൽ - 8,00,000/- വികസനഫണ്ട് (ജനറൽ)<br>TS ലഭിച്ച തീയതി - 17.8.2023<br>ടെണ്ടർ ചെയ്ത തീയതി - 26.8.2023<br>ടെണ്ടർ നിരക്ക് - 17.44% Below<br>കരാറുകാരൻ - റിതു എം. വി | ഇ ടെണ്ട<br>ക്ഷണിച്ചര<br>2 പേർ<br>പങ്കെടുത |
| 2 | പ്രൊജക്ട് നമ്പർ - 243/24<br>അടങ്കൽ - 10,00,000/- വികസനഫണ്ട് (ജനറൽ)<br>TS ലഭിച്ച തീയതി - 31.10.23<br>ടെണ്ടർ ചെയ്ത തീയതി - 23.1.2024<br>ടെണ്ടർ നിരക്ക് - 9.74% Above<br>കരാറുകാരൻ - റിതു എം. വി | ഇ ടെണ്ട<br>ക്ഷണിച്ചര<br>2 പേർ<br>പങ്കെടുത |

ഒരേ കെട്ടിടത്തിൽ തന്നെയുള്ള മേൽ നിർമ്മാണങ്ങൾ മുഴുവനാ
സമഗ്രമായ പദ്ധതി തയ്യാറാക്കാതെ ഒരേ വർഷത്തിൽ തന്നെ വ്യത്യ

നടപ്പിലാക്കിയതിനാൽ ഗ്രാമപഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ട
2 പദ്ധതികളും ഏറ്റെടുത്ത് നടത്തിയത് റിതു എം. വി എന്ന കരാറുകാര
പ്രവൃത്തി 17.74% കുറവിലാണ് കരാറുകാരൻ ഏറ്റെടുത്തത്. എന
പ്രവൃത്തിയിൽ ഇതേ കരാറുകാരൻ 9.74% കൂടുതൽ ആണ് ക്വാട്ട് ചെയ്ത

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾക്ക് മറുപടി ന
നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/2024-25 തീയതി
നൽകിയിട്ടില്ല. പ്രോജക്ടുകൾ യഥാർത്ഥ ആവശ്യങ്ങളിലുൾപ്പെടു
തയ്യാറാക്കേണ്ടതും വ്യത്യസ്ത പദ്ധതികളായി ന
പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കാൻ ശ്രമം
എസ്റ്റിമേറ്റുകൾ കൃത്യതയോടെ തയ്യാറാക്കി എസ്റ്റിമേറ്റ് പുതുക്കാ
ഒഴിവാക്കുകയും, ഇതിലൂടെ പദ്ധതികൾ സമയബന്ധിതമായി പൂർ
നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-14 മോർഡ് സ്പെസിഫിക്കേഷന് അനുസൃതമല്ലാത്ത റോ
നടത്തുന്നു</u>

**നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ**

ഗ്രാമപഞ്ചായത്തിൽ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെ
ഇനം മിക്സഡ് സീൽ സർഫസ് (മാനുവൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബ
ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (
അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബ
വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ്
പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്
Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Pro
Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന
നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ
കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതി
ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പര
തൊഴിലാളികളെ ഉപയോഗിച്ച് സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത
ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോ
മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറ
നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ റോഡുകൾ പൂർണ്ണമായും
നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്.
നിർമ്മിതിയിൽ ആവശ്യത്തിന് മെറ്റീരിയൽ ഉറപ്പുവരുത്താൻ

റോഡിന്റെ ആയുസ്സിനെയും (Durability), നിമ്നോന്നതയുടെ (Undulations)
പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേ
പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്ര
റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപ
മിക്സഡ് സീൽ സർഫസിംഗ് മാനുവൽ രീതി അവലംബിച്ചത
വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്
തീയതി 19.8.2025) മറുപടി നൽകിയിട്ടില്ല. റോഡു പ്രവൃത്തികളിൽ
തുകയ്ക്ക് പരമാവധി ഗുണം പ്രദാനം ചെയ്യാൻ കഴിയുന്നതും
കുറഞ്ഞതുമായ MSS മെക്കാനിക്കൽ മീൻസ് ഉപയോഗപ്പെടു
തയ്യാറാകേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ
അറിയിക്കേണ്ടതാണ്.

## 1-15 അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല

വിവിധ പൈപ്പ്ലൈൻ നീട്ടൽ പദ്ധതികൾക്കായി വാട്ടർ അതോറി
2022 വരെ നൽകിയ തുകകളും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക
നിർമ്മാണത്തിനായി 2022 ൽ നൽകിയ തുകയും നാളിതുവര
മഴക്കാലപൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷനിൽ
ലഭിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും 2023 മുതൽ ചെലവ
ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഇതിന്റെ വിവരങ്ങൾ താഴെ ചേർ

| ഹെഡ് | ഇനം |
|---|---|
| 460500201 | Advance To Implementing Agencies-Deposit With Kerala Authority |
| 460500204 | Advance To Implementing Agencies-Deposit With Ground Water Department |
| 460509901 | Advance To Others |

മുൻവർഷങ്ങളിൽ നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിക്ക
ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറി
തീയതി 19.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക്
ലഭ്യമാക്കേണ്ടതും അപാകത പരഹരിച്ച് വിവരം അറിയിക്കേണ്ടതുമാ

## 1-16 പഞ്ചായത്തിൽ സ്ഥാപിച്ച വേസ്റ്റ് ബിന്നുകളുടെ വിശദാം
## മുഴുവൻ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് - 352/ 25 .

അടങ്കൽ: 1,69,857/- (ധനകാര്യ കമ്മീഷൻ.ഗ്രാന്റ് )

ചെലവ് : 1,69,857/- (ബിൽ നം. 709/24.3.25 )

'ജസ്റ്റ് ട്രേഡിങ്ങസ് & ബാസിം സോല്യൂഷൻസ്' എന്ന സ്ഥാപനത്തിൽ നിന്നു
JAY 0157/ 24.3.25, തുക 333200/- ) 16,660/- രൂപ നിരക്കിൽ 20 സ്റ്റീൽ ബിന്നും
ഓഡിറ്റ് വർഷം മേൽ ചേർത്ത പ്രകാരമുള്ള തുക നൽകുകയുണ്ടായി. പ്രേ
ബിന്നുകൾ സ്ഥാപിച്ചത് പഞ്ചായത്തിൽ ഏത് സ്ഥലങ്ങളിലാണെന്നതിന്
ഫയലിലില്ല. അവ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ സ്ഥലം തിരിച്ച
ബന്ധപ്പെട്ട വാർഡ് മെമ്പർ/സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയി
കമ്മറ്റി റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. മേൽ പരാമർശത്തിന് ഓഡിറ്റ് അന്വേ
16/24-25 തീയതി : 20.8.25 ) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല . അ
അറിയിക്കുന്നതുവരെ ചെലവ് തുക 1,69,857/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 കുടിവെള്ള വിതരണം- പ്രൊജക്ട് നിർവ്വഹണത്തിൽ ന്യൂ

അടങ്കൽ : 5,00,000/- (തനത്ഫണ്ട്)

പ്രോജക്ട് നം. 3/25.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

ചെലവ് : 5,00,000 /-
ബിൽ സാങ്ക്ഷൻ നം, തീയതി. 330/10.10.2024 .

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ നടപ്പാ
വിതരണം' എന്ന പ്രോജക്ട് പ്രകാരം വരൾച്ചാബാധിത പ്രദേശങ്ങ
വിതരണം ചെയ്യുന്നതിന് 5,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി
ഘട്ടത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാ
നടത്തുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ റേറ്റ് നിർണ്ണയ
വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ ലഭിച്ച ശ്രീ. രമേശൻ 4,000 (2000
കൊണ്ടുപോകുന്നതിനുള്ള നിരക്കിലാണ് കോട്ട് ചെയ്തിട്ടുള്ളത്. ഗു
വിതരണം ചെയ്യേണ്ട വെള്ളത്തിന്റെ അളവ്/ഒരു പ്രദേശത്ത് വിത
നിശ്ചയിച്ച് നൽകിയിട്ടില്ല. ഒരു ട്രിപ്പിൽ കൊണ്ടുപോയ വെള്ളത
വ്യക്തതയില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം കുടി
നടന്നതായി വാർഡ് മെമ്പർമാർ സാക്ഷ്യപെടുത്തിയിട്ടുണ്ടെങ്കിലും
കൊണ്ടുപോയ വെള്ളത്തിന്റെ അളവ് കൃത്യമാണോയെന്ന്
പരിശോധിച്ചതായോ മേൽനോട്ടം വഹിച്ചതായോ കാണുന്നില്ല.

2) 2006 -ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്ര
ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ
വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിത
ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റ

2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എ
ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥ
വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ളം വിതരണം
ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്ക
ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. കുടിവെള്ളം വിതരണം ന
എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന്
ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്ക
ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീ
ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശോധന റിപ്പോ
ലഭ്യമാക്കിയിട്ടില്ല.

3. വിതരണം ചെയ്ത കുടിവെള്ളം എവിടെനിന്നാണ് എന്നു
വെള്ളത്തിന്റെ സാമ്പിൾ തന്നെയാണോ അംഗീകൃത ലാബ
നടത്തിയതെന്നും ഫയലിലെ രേഖകളിൽ നിന്നും വ്യക്തത
സൂക്ഷിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം ഗുണനിലവാര പരിശോധനക്ക് 100 M
എടുത്തത് ഹെൽത്ത് വിഭാഗമോ മറ്റ് സർക്കാർ അധീനതയി
ഉദ്യോഗസ്ഥനോ അല്ല. വെള്ളം വിതരണത്തിന് ചുമതലപ്പെട്ട പാർട്ട
നൽകിയതാണ്. ഇത് ശരിയായ നടപടിക്രമമല്ല.

4) വിതരണം ചെയ്യുന്നതിന് മുമ്പ് കുടിവെള്ളം പരിശോധന
ഗുരുതരമായ വീഴ്ച്ചയാണ്. കുടിവെള്ളം വിതരണം ചെയ്തത് 10.04.20
വരെയാണ്. എന്നാൽ ലാബിൽ പരിശോധന നടത്തിയത് വിതരണത്തി
-ലാണ്. മേൽ പരാമർശങ്ങൾക്കുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പിന്
മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമ
വർഷങ്ങളിൽ അവ തുടരുന്നില്ല എന്നുറപ്പാക്കി അറിയിക്കേണ്ടതുമാണ

## <u>1-18 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് - വിനിയോ</u>
## <u>പൂർണ്ണമല്ല.</u>

പ്രൊജക്റ്റ് നമ്പർ – 332/25 .

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐസിഡിഎസ് സൂപ്പർവൈസർ.

പ്രോജക്റ്റ് : കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക നൽകൽ.

ചെലവ് : 1,50,000/- (ബിൽ നം . 398 /6.3.25 )

പദ്ധതി നടത്തിപ്പിനായി മൂന്നു പേർക്കായി 50,000/- രൂപ വീതം
ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ഫയലിൽ ലഭ്യമായ
ശ്രീ.വിഷ്ണു, അനുനന്ദ, രേവതി എന്നീ ഗുണഭോക്താക്കൾക്ക് യഥാക്ര
43,717/- എന്നിങ്ങനെ 1,26,685/- രൂപ കൈമാറിയതിന്റെ ചെലവ് രേഖക

പ്രൊജക്ട് പൂർത്തീകരണ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. (ഒ
കുറിപ്പ് നം. 18/ 20.8.25 ) രേഖകളുടെ അഭാവത്തിൽ 1,50,000/-
തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-19 അങ്കണവാടി നവീകരണം സംബന്ധിച്ച്.

പ്രൊജക്ട് നമ്പർ- 228/25.

പ്രോജക്ട് : അങ്കണവാടി നവീകരണം ക്രാഡിൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ.

അടങ്കൽ : 5,00,000/-, ചെലവ് 4,99,999/-

പ്രൊജക്ട് പ്രകാരം 'ആർട്ടാകോ' എന്ന സ്ഥാപനമാണ് പ്രൊജക്ട് നിർവ്വഹണ ഏ

ഫയൽ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു .

1) നാല് അങ്കണവാടികൾ നവീകരിച്ചതായാണ് അറിയിച്ചതെങ്കിലും
നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ ഫയലിലില്ല. മോണിറ്റ
തയ്യാറാക്കിയിട്ടില്ല.

2) അഞ്ചുലക്ഷം രൂപയുടെ ബില്ലിൽ നിന്നും ജി എസ് ടി ടി.ഡി.എസ
കാണുന്നില്ല.

3) പ്രൊജക്റ്റ് ഫയലിൽ 7 ഇനങ്ങളും, 16 ഇനങ്ങളും രേഖപ്പെടുത്തിയ രണ്ട് ഇ
സൂക്ഷിച്ചിട്ടുള്ളത്. ആർട്ട് വർക്ക്, ഇനാമൽ പെയിന്റിങ്ങ്, അങ്കണവ
കളിസ്ഥല നിർമ്മാണം എന്നിവയൊന്നും മേൽനോട്ട ചുമതല വഹിക്കേ
കൃത്യത സാക്ഷ്യപ്പെടുത്തിയിട്ടില്ല. പരാമർശത്തിന് നൽകിയ ഓഡിറ്റ് അ
(നം. 19/ 20.8.2025) മറുപടി ലഭിക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്
അറിയിക്കേണ്ടതാണ്.

## 1-20 അങ്കണവാടി പോഷക വിതരണം - നിയമാനുസൃത ജി
## ടി.ഡി.എസ് ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 35/25, പ്രൊജക്ട് നമ്പർ : 288/25 .'

അങ്കണവാടി പോഷകാഹാര വിതരണത്തിനായി കാക്കൂർ 'തേജസ
എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് നിർവഹണ ഉദ്യേ
ചെയ്യുകയുണ്ടായി. ആകെ 8,78,328/- രൂപയുടെ ഭക്ഷ്യധാന്യ
വാങ്ങിയിട്ടുള്ളത്. എന്നാൽ 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന
വിതരണക്കാരിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി, ടി.ഡി.എ
ഉദ്യോഗസ്ഥൻ ഈടാക്കിയിട്ടില്ല.

മേൽ ചേർത്ത പരാമർശത്തിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറി
മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേ
ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 1-21 യുനാനി മരുന്ന് ടെൻഡർ വഴി വാങ്ങിയത് സുതാര്യമല്ല.

പ്രോജക്ട് നമ്പർ 110/25 . (എം.ജി -നോൺ റോഡ് )

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദ
മടവൂർ.

അടങ്കൽ : 5 ലക്ഷം ; ചെലവ് : 5,00,000/-

ടെൻഡർ വഴി നടപ്പിലാക്കിയ പദ്ധതിയിൽ 3 സ്ഥാപനങ്ങളാ
ചെയ്തിട്ടുള്ളത്. ടെണ്ടർ നോട്ടീസ് പ്രകാരം യൂണിറ്റി യൂനാനി ആയ
യൂനാനി ആയുർവേദിക് ഹൗസ്, പ്രണവം അസോസിയേറ്റ്സ് എന്നീ സ
മരുന്നുകളുടെയും വിലകൾ പ്രത്യേകം കോട്ട് ചെയ്ത് സമർപ്പിക്കുകയ
വില കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കേരള യൂനാനി ആയുർവേ
മരുന്നുകളുടെ മൂല്യം 4,64,685/- രൂപയും രണ്ടാമതായി കുറഞ്ഞ ന
മരുന്നുകളുടെ ആകെ വില 5,19,945/- രൂപയുമാണ്. എന്നാൽ മ
വിവരങ്ങൾ പരിശോധിച്ചതിൽ ഒന്നാമതായി കുറഞ്ഞ നിരക്
സ്ഥാപനത്തേക്കാൾ വളരെ വിലക്കുറവിലാണ് പല മരുന്നുകളും ര
ചെയ്ത 'പ്രണവം അസോസിയേറ്റ്സ്' രേഖപ്പെടുത്തിയിട്ടുള്ളത്. ഉ
ചേർക്കുന്നു .

| ക്രമ നം | മരുന്നിന്റെ പേര് | എണ്ണം/ അളവ് | കേരള യുനാനി കോട്ട് ചെയ്ത നിരക്ക് | പ്രണവം അസോസിയേറ്റ്സ് കോട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|
| 1 | HABB-E-BUKHAR | 10000 | 11,500 | 6,500 |
| 2 | HABB-E-NAZLA | 15000 | 21,000 | 12,750 |
| 3 | KULZAM/SUBZAM/ARQ AJEEB | 4 Litre | 15,600 | 10800 |
| 4 | QURS SOZAK | 5000 | 6400 | 4700 |
| 5 | MINTOZA | 10000 | 11000 | 9800 |

മൊത്തം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തേക്കാൾ വളരെ
ചില മരുന്നുകൾ 'പ്രണവം അസോസിയേറ്റ്സ്' എന്ന സ്ഥാപനം ന
കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞ വിലയുള്ള മരു

അസോസിയേറ്റ്സിൽ നിന്നും വാങ്ങാവുന്നതായിരുന്നു. എന്നാൽ അപ്ര ആകെ തുകയിലെ കുറവ് മാത്രം പരിഗണിച്ച് എല്ലാ മരുന്നുകളും ആയുർവ്വേദിക് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയ ചെയ്യാതിരുന്നതിനാൽ ഇരുപത്തിയൊന്നായിരത്തിലധികം രൂപ ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ 20.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ വില മരുന്നിന് സ്ഥാപനത്തിൽ നിന്നും മരുന്നുകൾ ഓർഡർ ചെയ്യാതിരുന്നതിനാല സ്ഥാപനത്തിന് നഷ്ടം ഉണ്ടായിട്ടുള്ളത്. മേൽ ചേർത്ത പരാമർശ ലഭ്യമാക്കേണ്ടതാണ്.

## 1-22 യുനാനി മരുന്ന് വാങ്ങിയത് - പ്രോജക്ട് നിർവ്വഹണത്തിര

പ്രോജക്ട് നമ്പർ - 110/25 . (എംജി – നോൺ റോഡ് )

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദ മടവൂർ.

അടങ്കൽ : 5,00,000/- ; ചെലവ് 5,00,000/-

നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1) മരുന്ന് വാങ്ങിയ സ്ഥാപനത്തിൽനിന്നും ജിഎസ്.ടി ടിഡിഎസ് ആയ ആകെ കരാർ തുക 2.5 ലക്ഷത്തിന് മുകളിൽ വാങ്ങുന്ന എല്ലാ വിതരണക്കാരിൽ നിന്നും ടിഡിഎസ് ഈടാക്കാൻ നിർവ്വഹ ബാധ്യസ്ഥനാണ് (CGST/KGST Act, Section 51). എന്നാൽ മേൽ വാങ്ങ ഉദ്യോഗസ്ഥൻ അപ്രകാരം ചെയ്തിട്ടില്ല. വിതരണക്കാരിൽ നിന്നും ജി.എ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല മരുന്നുക വാങ്ങി ബാക്കിയുള്ളവ ഓഡിറ്റ് വർഷം ലഭിച്ച മരുന്നിനൊപ്പം ചേ ചേർത്തെഴുതിയിട്ടില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ | മരുന്ന് | നീക്കിയി |
|---|---|---|---|
| 1 | 222 | UNNAB | 3,000 Ml (31.07.2025) |
| 2 | 221 | QUVS ASFAR | 19,500 (30.06. |
| 3 | 217 | THYOREX | 2,400 (31.07.2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ ബാക്കിയുള്ള മരുന്നുകൾക്കൊ

ലഭ്യമായ മരുന്നുകൾകൂടി ചേർത്തെഴുതി സൂക്ഷിക്കേണ്ടതാണ്. പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേ

## 1-23 വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ചതിന്റെ വിനി ലഭ്യമാക്കിയിട്ടില്ല

താഴെ കാണിച്ച പ്രോജക്ടുകൾക്ക് അടവാക്കിയ തുകകളുടെ വി ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | ബിൽ നം | |
|---|---|---|---|---|
| 1 | 366/25 | 'വൃത്തി' (ക്ലീൻ കേരള കോൺക്ലേവ്) | 717/25.3.25 | 2 |
| 2 | 308/25 | ജലജീവൻമിഷൻ ചാത്തമംഗലം ടാങ്ക് നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് വിഹിതം നൽകൽ | 365/16.11.24 | 8 |
| 3 | 316/25 | ഇലക്ട്രിക്ക് കണക്ഷൻ – കെഎസ്ഇബി | 535/17.2.25 | |
| 4 | 4/25 | ഐകെഎം വിഹിതം നൽകൽ | 436/20.12.24 | |
| ആകെ | | | | 1 |

മേൽ ചേർത്ത പ്രൊജക്ടുകളുടെ വിനിയോഗവിവരം ലഭ്യമാകു ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ : 14/24-25 രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്

## 1-24 പ്രൊജക്റ്റ് പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയ

1) പ്രൊജക്ട് നമ്പർ : 248/25.

പ്രൊജക്റ്റ് : പൊതു ഇടങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ.

അടങ്കൽ : തനത് ഫണ്ട് : 60,000/-

ചെലവ് : 20,700/- (ബിൽ നം. 745/28.3.25)

2) പ്രൊജക്റ്റ് നമ്പർ : 360/25.

പ്രൊജക്റ്റ് : എംസിഎഫിൽ ക്യാമറകൾ സ്ഥാപിക്കൽ.

അടങ്കൽ : തനത് ഫണ്ട് : 50,000/-

ചെലവ് : 46,750/- (ബിൽ നം. 746 /28.3.25)

മേൽ പ്രൊജക്ടുകൾ പ്രകാരം കുറഞ്ഞ നരക്ക് കോട്ട് ചെയ്ത 'ZI Clou എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തു. പ്രസ്തുത സ്ഥാപനം ക്യാമറ പൂർത്തീകരിച്ചെങ്കിലും പ്രവർത്തന ഘട്ടത്തിലായിട്ടില്ല എന്ന് കാണുക അന്വേഷണകുറിപ്പ് നം : 15/24-25 തീയതി : 20.8.25) 2025-26 വർഷം ഇന്റർനെറ്റ് കണക്ഷൻ, മെമ്മറി സ്റ്റോറേജ് തുടങ്ങിയ ആവശ്യമായ സ്വീകരിച്ച് പ്രവൃത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്. അതുവരെ 6 ) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 എ.ബി.സി.പദ്ധതി: പഞ്ചായത്ത് പരിധിക്കുള്ളിൽ ഫല

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനെറി സർജൻ

1) പ്രോജക്ട് നമ്പർ : 52/25

പ്രോജക്ട് : ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം

അടങ്കൽ : 1,00,000/-

ചെലവ് : ഇല്ല

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആനിമൽ ബർത്ത് കൺട്രോ പദ്ധതിക്ക് മടവൂർ ഗ്രാമപഞ്ചായത്ത് തൻവർഷം വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല.പഞ്ചായത്ത് തെരുവു നായകളെ വന്ധ്യംകരിക്കുന്നതിൽ പദ്ധതി രൂപീകരിച്ച് വി പഞ്ചായത്തിന് സാധിച്ചിട്ടില്ല. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കൺട്രോൾ എന്ന സംയക്ത പദ്ധതിക്ക് മടവൂർ ഗ്രാമ പഞ്ചായത്ത് പ മുതൽ നാളിതുവരേ എത്ര തുക മടവൂർ ഗ്രാമപഞ്ചായത്ത് ജി കൈമാറിയിട്ടുണ്ട്, തുക കൈമാറിയതിന്റെ വർഷം തിരിച്ചുള്ള ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡി മറുപടി നൽകിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994, മ അനിവാര്യ ചുമതലയായി പറഞ്ഞിട്ടുള്ള വിഷയമാണ് തെരുവുന ഇതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങ നടപ്പിലാക്കിയിട്ടില്ല. തെരുവുനായ നിർമാർജനം സംബന്ധിച്ച അപ കാണിക്കുന്നു.

**1)** സ.ഉ(സാധാ)നം.2065/2022/LSGD തി.23-08-2022 പ്രകാരം രണ്ട ഒരെണ്ണമെന്ന നിലയിൽ ABC സെന്റർ സജ്ജീകരിക്കേ ഗ്രാമപഞ്ചായത്തിൽ നിന്നും പിടികൂടിയ നായകളെ ബ്ലോക്ക് തല

